**പതിനാലാം കേരള നിയമസഭ**
**പതിനൊന്നാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ T3525     20.06.2018 ൽ മറുപടിനൽകേണ്ടിയിരുന്നത്**

**<u>തമിഴ് നാട് കൈയേറിയ സംസ്ഥാനത്തിന്റെ വനഭൂമി</u>**

**ചോദ്യം**

**മറുപടി**

| | പ്രൊ. ആബിദ് ഹുസൈൻ തങ്ങൾ | | പിണറായി വിജയൻ<br>മുഖ്യമന്ത്രി |
|---|---|---|---|
| എ) | അട്ടപ്പാടിയിൽ സംസ്ഥാനത്തിന്റെ വനഭൂമി തമിഴ്നാട് കയ്യേറിയതായ വിഷയത്തിൽ വനം വകുപ്പ് സ്വീകരിച്ച നടപടികൾ എന്തെല്ലാം എന്ന് വ്യക്തമാക്കുമോ; | എ) | മണ്ണാർക്കാട് ഡിവിഷനിലെ അട്ടപ്പാടി ഭാഗത്ത് അഗളി റെയ്ഞ്ചിൽ പെടുന്ന ഷോളയൂർ ഫോറസ്റ്റ് സ്റ്റേഷൻ പരിധിയിൽ വി.എഫ്.സി ഐറ്റം നമ്പർ 98, 100 വരടിമല മലവാരം-കേരള തമിഴ്നാട് അതിർത്തിയിൽ വനം കയ്യേറ്റം എന്ന പത്രവാർത്തയുമായി ബന്ധപ്പെട്ട് ഫീൽഡ് പരിശോധന നടത്തിയതിൽ പ്രഥമ ദൃഷ്ട്യാ വനം കയ്യേറ്റങ്ങളൊന്നും കാണുകയുണ്ടായിട്ടില്ല. ഈ ഭാഗത്തെ വനാതിർത്തിയും സംസ്ഥാന അതിർത്തിയുമായി വരുന്നത് കൊടുങ്കരപ്പള്ളം നദിയാണ്. ഈ നദി 1963 ലെ വെള്ളപ്പൊക്കത്തിൽ വഴിമാറി ഒഴുകിയതായി പറയപ്പെടുന്നു. ഈ നദി പിന്നീട് വഴിമാറിയൊഴികിയഭാഗം സംസ്ഥാന അതിർത്തിയായി കണ്ട് തെറ്റായ ബൗണ്ടറി ഡീമാർക്കേഷൻ തമിഴ്നാട് നടത്തിയതായി ആരോപണമുണ്ട് ആയതിനാൽ ഇപ്പോഴത്തെ കേരള വനം അതിർത്തി വരടിമല മുതൽ മൂലഗംഗൽ മുകൾഭാഗം വരെ ജി.പി.എസ് റീഡിംഗ് എടുക്കുവാനും മുൻപ് കേരള സംസ്ഥാന അതിർത്തിയാണെന്ന് ആരോപിക്കപ്പെടുന്ന സ്ഥലത്തിന്റെ ജി.പി.എസ് റീഡിംഗും എടുത്ത് സ്കെച്ചിൽ കൃത്യമായി പരിശോധന നടത്തി ഗൂഗിൾ മാപ്പിൽ "സൂപ്പർ ഇമ്പോസ്" ചെയ്ത് പരിശോധിക്കുന്നതിനുള്ള നടപടി ആരംഭിച്ചിട്ടുണ്ട് ഈ അടുത്തകാലത്ത് ഒന്നും തന്നെ തമിഴ്നാട് കൈയ്യേറ്റങ്ങൾ നടത്തിയതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

| | | | |
|---|---|---|---|
| ബി) | ഇത്തരത്തിൽ സംസ്ഥാനത്തിന്റെ വനമേഖല വൻതോതിൽ കയ്യേറുന്നത് തടയുവാൻ ആവശ്യത്തിന് ഫോറസ്റ്റ് ഉദ്യോഗസ്ഥരെ നിയമിക്കുവാൻ നടപടി സ്വീകരിക്കുമോ; നിലവിൽ അട്ടപ്പാടിയിൽ എത്ര ഫോറസ്റ്റ് ഉദ്യോഗസ്ഥർ ജോലി നോക്കുന്നു; വ്യക്ത മാക്കുമോ; | ബി) | നിലവിലുള്ള എല്ലാ ഒഴിവുകളും നികത്തുന്നതാണ്. അട്ടപ്പാടി, അഗളി റെയ്ഞ്ചുകളിൽ നിലവിലുള്ള ജീവന ക്കാരുടെ വിവരം താഴെ പറയുന്നു :- |
| സി) | ഏകദേശം എത്ര ഹെക്ടർ കയ്യേറിയെന്ന് കണ്ടെത്തിയിട്ടുണ്ടോ; പ്രസ്തുത സ്ഥലം തിരികെ ലഭിക്കുവാൻ നടപടി സ്വീകരി ക്കുമോ, വ്യക്ത മാക്കുമോ ? | സി) | പ്രഥമദൃഷ്ട്യാ കയ്യേറ്റങ്ങളൊന്നും കണ്ടെ ത്തിയിട്ടില്ലെങ്കിലും മേൽ പരാമർശിക്കപ്പെട്ട സ്ഥലത്തിന്റെ ജി.പി.എസ് റീഡിംഗ് എടുക്കുവാനും ജി.പി.എസ് റീഡിംഗ് വെച്ച് സ്കെച്ചിൽ കൃത്യമായി പരിശോധന നടത്തി ഗൂഗിൾ മാപ്പിൽ "സൂപ്പർ ഇമ്പോസ്" ചെയ്ത് പരിശോധിക്കുന്നതിനുള്ള നടപടി ആരംഭിച്ചിട്ടുണ്ട് ഈ അടുത്തകാലത്ത് ഇവിടെ തമിഴ്നാട്ടിൽ നിന്ന് കൈയ്യേറ്റങ്ങൾ ഉണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

| തസ്തിക | അനുവദി ച്ചിട്ടുള്ള എണ്ണം | നിലവിലു ള്ള എണ്ണം |
|---|---|---|
| റെയ്ഞ്ച് ഫോറസ്റ്റ് ഓഫീസർ | 02 | 02 |
| ഡെപ്യൂട്ടി റെയ്ഞ്ച് ഫോറസ്റ്റ് ഓഫീസർ | 05 | 02 |
| സെക്ഷൻ ഫോറസ്റ്റ് ഓഫീസർ | 12 | 11 |
| ബീറ്റ് ഫോറസ്റ്റ് ഓഫീസർ | 67 | 53 |
| റിസർവ്വ് ഫോറസ്റ്റ് വാച്ചർ | 05 | 0 |
| ഫോറസ്റ്റ് വാച്ചർ | 01 | 01 |
| ട്രൈബൽ വാച്ചർ | 55 | 55 |
| ഡ്രൈവർ | 04 | 04 |
| ക്ലാർക്ക് | 04 | 04 |
| പി.ടി.എസ് | 02 | 02 |
| ഒ.എ | 02 | 02 |

സെക്ഷൻ ഓഫീസർ